**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*103 — 01.07.2015-ൽ മറുപടിക്ക്

## റോഡുകളുടെ നവീകരണ പ്രവൃത്തികളും കരാറുകാരുടെ കുടിശ്ശികയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. സി. കൃഷ്ണൻ<br>,, സി. കെ. സദാശിവൻ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരാർ കുടിശ്ശിക കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മുൻപ് മടി കാണിച്ചിരുന്നു. എന്നാൽ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനാൽ ഈ സ്ഥിതിയില്ല. |
| (ബി) റോഡുകളുടെ നവീകരണ പ്രവൃത്തികൾ സ്തംഭിച്ചതുമൂലം റോഡപകടങ്ങളും അപകടമരണങ്ങളും നിത്യസംഭവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളുടെ നവീകരണ പ്രവൃത്തികൾ സ്തംഭിച്ചിട്ടില്ല. |
| (സി) കരാറുകളുടെ ബിൽ കുടിശ്ശിക (സി) ആയത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ ; കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ ; | (സി) പരിശോധിച്ചിട്ടുണ്ട്. കരാറുകളുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടില്ല. കരാറുകാരുടെ ബിൽ കുടിശ്ശിക നിരത്ത് വിഭാഗത്തിൽ 1711.19 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 477.97 കോടി രൂപയും, ദേശീയ പാതാ വിഭാഗത്തിൽ 45.72 കോടി രൂപയുമാണ്. |
| (ഡി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ ; ഇത് കരാറുകാർ അംഗീകരിച്ചിട്ടുണ്ടോ ; | (ഡി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി നൽകുന്നതിന് ജി.ഒ.(പി) നം. 154/15/ഫിൻ തീയതി 27.04.2015 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കരാറുകാർ ഈ പദ്ധതി പ്രയോജനപ്പെടുത്തി വരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്റ്റംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും 10.06.2015-ലെ സർക്കാർ ഉത്തരവ് നം.5597/2015/ഫിൻ പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടി വരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്. |
| (ഇ) കരാറുകാരുടെ കുടിശ്ശിക (ഇ) തീർത്ത് നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) കരാറുകാരുടെ കുടിശ്ശിക തീർക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ